# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *389** **12.05.2017-ന് മറുപടിയ്ക്ക്**

## വനങ്ങളുടെ പരിപാലനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. അനൂപ് ജേക്കബ് | ശ്രീ. കെ. രാജു<br>(ബഹു. വനവുംമൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന്<br>1. വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കൈയ്യേറ്റത്തിൽ നിന്നും മറ്റ് നിയമ വിരുദ്ധ പ്രവർത്തികളിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നു.<br>2. കാട്ടുതീ നിയന്ത്രണം, കഞ്ചാവ് കൃഷി തടയൽ, മണ്ണ്-ജല സംരക്ഷണം എന്നിവ വഴി വനത്തിന്റെ ജൈവവൈവിധ്യം നിലനിർത്തുന്നു.<br>3. പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും, ചോലവനങ്ങളുടെയും വനത്തിലെ തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനുള്ള പ്രത്യേക പരിപാടികൾ നടപ്പാക്കുന്നു.<br>4. നശിച്ചുപോയതും ശോഷിച്ചതുമായ വനങ്ങളുടെ പുനരുജ്ജീവനത്തിനായി വനവല്കരണം നടത്തുന്നു.<br>5.ജൈവവൈവിധ്യത്തിന്റെ പ്രധാന ഘടകമായ ഔഷധസസ്യങ്ങളുടെ പരിപാലനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നു.<br>6.നിലവിലുള്ള വൻമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപാദിപ്പിക്കുന്ന തോട്ടങ്ങളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.<br>7.വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുകവഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വനപരിസ്ഥിതി വ്യവസ്ഥിതിയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്ന പദ്ധതി നടപ്പാക്കുന്നു.<br>8.വനപരിപാലനവും വന സംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തലസൗകര്യം ഒരുക്കൽ എന്നിവ നടപ്പാക്കുന്നു. |

| | | | |
|---|---|---|---|
| | | | 9. വനാശ്രിതസമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിധ്യശോഷണം തടയുന്നതിനുമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നു.<br>10. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു.<br>11. കാലാവസ്ഥ വ്യതിയാനം തടയുന്നതിൽ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.<br>12. ആന, കടുവ എന്നീ പ്രധാന വന്യജീവികളുടെ ആവാസവ്യവസ്ഥ പുന:നിർമ്മിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നു.<br>13. വനമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട്, വിവിധ ഭൂവിനിയോഗങ്ങളും, മനുഷ്യന്റെ ആവാസവും പരസ്പരപൂരകങ്ങളാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ബയോസ്ഫിയർ റിസർവ്വ് പദ്ധതി നടപ്പാക്കുന്നു. |
| (ബി) | നിലവിലുള്ള പദ്ധതികൾ ശക്തിപ്പെടുത്താനും തുടരാനും തീരുമാനിച്ചിട്ടുണ്ടോ; | (ബി) | നിലവിലുള്ള പദ്ധതികൾ തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വനപരിപാലനത്തിനായി ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ; | (സി) | വനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റ് പ്രസംഗത്തിലും സൂചിപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.<br>1) തെരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറ് ജലാശയങ്ങളെ പുനരുജ്ജീവിപ്പിച്ച് വനങ്ങളുടെ ജല സംഭരണ ശേഷി വർദ്ധിപ്പിക്കും. നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി വനമേഖലയിലെ തണ്ണീർത്തടങ്ങൾ സംരക്ഷിക്കും.<br>2) വനമേഖലയ്ക്ക് പുറത്ത് വൃക്ഷം വളർത്തൽ വർദ്ധിപ്പിക്കും.<br>3) ഗോത്രസമൂഹത്തിന് ഉപകരിക്കും വിധം 100 സ്ഥലങ്ങളിൽ വിപണന കേന്ദ്രം ആരംഭിക്കും.<br>4) അതിരുകളിലൂടെ ജണ്ടകൾ സ്ഥാപിച്ച് മുഴുവൻ വനപ്രദേശവും സംരക്ഷിക്കും.<br>5) മനുഷ്യ-വന്യജീവി ഏറ്റുമുട്ടൽമൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് 220.50 കി.മീറ്റർ ദൈർഘ്യത്തിൽ സൗരോർജ്ജവേലി, 2.91 കി.മീ. ആന പ്രതിരോധ മതിൽ, 11.35 കി.മീറ്റർ റെയിൽ ഫെൻസ് എന്നിവ നിർമ്മിക്കും.<br>6) സംസ്ഥാനത്ത് ഒരു വനമ്യൂസിയം സ്ഥാപിക്കും.<br>7) വന്യമൃഗ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുവാൻ പഞ്ചായത്ത് തലത്തിൽ |

| | | | |
|---|---|---|---|
| | | | ജനജാഗ്രതാ സമിതികൾ സ്ഥാപിക്കും.<br>8) കാവുകളും, കുളങ്ങളും, നീർത്തടങ്ങളും സംരക്ഷിക്കുവാൻ ആവശ്യമായ നടപടി എടുക്കും.<br>9) മൃഗങ്ങൾക്ക് ഭക്ഷണവും, ജലവും ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നടുന്നതിനും, നീർത്തടങ്ങൾ/തടയണകൾ നിർമ്മിക്കുന്നതിനും സമഗ്രമായ പ്രവർത്തനങ്ങൾ നടത്തും.<br>10) ക്യാമറാ സഹായത്തോടെയുള്ള നിരീക്ഷണം ഉൾപ്പെടെ ശാസ്ത്രീയ ജാഗ്രതാ സംവിധാനം ഏർപ്പെടുത്തും.<br>11) ഇക്കോട്ടൂറിസം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും.<br>12) നാട്ടാനപരിപാലനത്തിനായി കോട്ടൂരിൽ കിഫ്ബിയിൽ നിന്നും 105 കോടി രൂപ മുതൽമുടക്കി ആന പുനഃരധിവാസകേന്ദ്രം സ്ഥാപിക്കും. |
| (ഡി) | ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | മേൽപ്പറഞ്ഞ പദ്ധതികൾ എല്ലാം തന്നെ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു |

**സെക്ഷൻ ഓഫീസർ**